പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 418 | | | 27.09.2011ൽ മറുപടിയ്ക്ക് |
|---|---|---|---|
| ശൈശവ വിവാഹങ്ങൾ തടയുന്നതിന് നടപടി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ശൈശവ വിവാഹങ്ങൾ കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സംസ്ഥാനത്ത് മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ശൈശവ വിവാഹങ്ങൾ കൂടുതലായി നടക്കുന്നുണ്ട് എന്ന് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ശൈശവ വിവാഹങ്ങൾ തടയുന്നതിനായി ശിശുവികസന പദ്ധതി ഓഫീസർമാരെ ശൈശവ വിവാഹ നിരോധന ആഫീസർ മാരായി നിയോഗിച്ചിട്ടുണ്ട്. ഈ ഓഫീസർമാർ പ്രോജക്ട്തല മീറ്റിംഗുകൾ, കുമാരി ക്ലബ്ബുകൾ വഴിയും അങ്കണവാടികളിലെ വർക്കർമാർവഴിയും ശൈശവ വിവാഹങ്ങൾ തടയുന്നതിനായി ബോധവൽക്കരണവും നിർദ്ദേശ ങ്ങളും നൽകുന്നുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ; | (സി) | ഇത് സംബന്ധിച്ച സർവ്വേ സാമൂഹ്യക്ഷേമ വകുപ്പ് മുഖേന നടത്തിയിട്ടില്ല. |
| (ഡി) | ഉണ്ടെങ്കിൽ സർവ്വേയുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ